"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ - LID&EW - റിട്ട.എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സുഭാഷ്. കെ. എസ് ബഹു.K A T മുമ്പാകെ ഫയൽ ചെയ്ത OA[EKM] No.1459/2024 നമ്പർ കേസിന്റെ 08.11.2024-ലെ ഇടക്കാല വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.506/2025/LSGD തീയതി,തിരുവനന്തപുരം, 19-02-2025

---

പരാമർശം:-

1. OA[EKM] No.1702/2020 നമ്പർ കേസിലെ 16.09.2021-ലെ അന്തിമ വിധിന്യായം.
2. ശ്രീ. സുഭാഷ്. കെ. എസ് സർക്കാർ മുമ്പാകെ 29.08.2024-ന് സമർപ്പിച്ച അപേക്ഷ (Annexure-A10).
3. OA[EKM] No.1459/2024 നമ്പർ കേസിന്റെ 08.11.2024-ലെ ഇടക്കാല ഉത്തരവ്

**ഉത്തരവ്**

30.11.2015-ൽ തലശ്ശേരി നഗരസഭയിൽ നിന്ന് വിരമിച്ച എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സുഭാഷ്. കെ. എസ് വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി ബഹു.KAT മുമ്പാകെ ഫയൽ ചെയ്ത OA[EKM] No.1459/2024 നമ്പർ കേസിന്റെ 08.11.2024-ലെ പരാമർശം(3) ഇടക്കാല ഉത്തരവിൽ ബഹു.KAT ചുവടെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

"there shall be a direction to the 1st respondent to consider and pass orders on Annexure 1 0 representation filed by the applicant within a period of six weeks from the date of receipt of a copy of this order."

Annexure-A10 അപേക്ഷ പരിശോധിച്ചതിൽ നിന്നും, ടിയാന്റെ പേരിൽ നിലവിലുള്ള VC 7/2013/EKM നമ്പർ കേസ് CC No.02/2017 നമ്പർ കലണ്ടർ കേസായി രജിസ്റ്റർ

ചെയ്തത് റിട്ടയർ ചെയ്ത് 2 വർഷം കഴിഞ്ഞിട്ടായതിനാൽ ധനകാര്യവകുപ്പിന്റെ സ. ഉ(സാധാ)നം. 5201/2024/ധന നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം തനിക്കും വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

ടിയാൻ ഇതേ ആവശ്യങ്ങൾക്കായി ബഹു.KAT മുമ്പാകെ ഫയൽ ചെയ്തിരുന്നOA[EKM] No.1702/2020 നമ്പർ കേസിൽ രണ്ട് മാസത്തിനുള്ളിൽ അപേക്ഷകന് ടെർമിനൽ ആനുകൂല്യങ്ങൾ അനുവദിക്കുവാൻ പരാമർശം(1) പ്രകാരം ഉത്തരവാകുകയും തുടർന്ന് ടി ഉത്തരവിനെതിരെ OP(KAT) No. 39/2024 നമ്പരായി സർക്കാർ അപ്പീൽ ഫയൽ ചെയ്യുകയും ആയതിൽ ബഹു.ഹൈക്കോടതി, ടിയാന്റെ പേരിലുള്ള VC 7/2013/EKM നമ്പർ കേസ് തീർപ്പാക്കിയിട്ടില്ല എന്നത് കണക്കിലെടുത്ത് ട്രിബ്യൂണലിന്റെ പരാമർശം(1) ഉത്തരവ് റദ്ദാക്കുകയും ചെയ്തിരുന്നു. കൂടാതെ K. Chandran Vs Secretary, Local Self Government Department (2022(2) KHC, 523) കേസിൽ, ക്രിമിനൽ നടപടിക്രമങ്ങൾ നിലവിലുള്ള ജീവനക്കാർക്ക് വിരമിക്കൽ ആനുകൂല്യമായ ഡി. സി. ആർ. ജി അനുവദിക്കേണ്ടതില്ലായെന്ന് ബഹു. സുപ്രീംകോടതി ഉത്തരവായിരുന്നു. സുപ്രീംകോടതിയുടെ പ്രസ്തുത നിലപാട് WP(C) No. 35060/2018 നമ്പർ കേസിലെ 27.07.2022-ലെ വിധിന്യായത്തിൽ ബഹു.ഹൈക്കോടതിയും ആവർത്തിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ പരാമർശിത വസ്തുക്കളുടെ അടിസ്ഥാനത്തിലും, ടിയാന്റെ പേരിലുള്ള CC No.02/2017 നമ്പർ കേസ് നിലവിൽ മൂവാറ്റുപുഴ EC&SJ യുടെ പരിഗണനയിലാണെന്നതിനാലും ടി കേസിന്റെ തീർപ്പ് കൽപ്പിക്കുന്ന മുറയ്ക്ക് മാത്രമേ വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിക്കുവാനും അപ്രകാരം അന്തിമ തീരുമാനം കൈക്കൊള്ളുവാനും സാധിക്കുകയുള്ളൂ. ആയതിനാൽ ടിയാന്റെ പരാമർശം(2) അപേക്ഷയിലെ ആവശ്യം നിരാകരിച്ച് ഉത്തരവാകുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം(3) ഇടക്കാല ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം(ആമുഖ കത്ത് മുഖേന).
2. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.

3. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

4. അക്കൗണ്ടന്റ് ജനറൽ(എ&ഇ /ഓഡിറ്റ് )തൃശ്ശൂർ.

5. ശ്രീ. സുഭാഷ്. കെ. എസ്, എക്സി.എഞ്ചിനീയർ(റിട്ട.)(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

7. വെബ് & ന്യൂ മീഡിയ ,വിവര പൊതുജന സമ്പർക്ക വകുപ്പ്.

8. കരുതൽ ഫയൽ / ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 20-02-2025 10:25:41